ശ്രീ. ജോസ് ബേബി :

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യ ഉല്പാദനവും വിതരണവും തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് സംസ്ഥാനത്ത് എക്സൈസ് വകുപ്പ് ശക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) എക്സൈസ് ഓഫീസുകൾക്ക് ആവശ്യമുള്ള വാഹനങ്ങളും ആയുധങ്ങളും നൽകുന്നതിനും സ്റ്റാഫിനെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വ്യാജമദ്യനിരോധനവും ഉല്പാദനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എത്ര കേസുകൾ ശിക്ഷിച്ചിട്ടുണ്ട്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ)

(എ) സംസ്ഥാനത്ത് വ്യാജമദ്യ ഉല്പാദനവും വിതരണവും തടയുന്നതിന് എക്സൈസ് പോലീസ് വകുപ്പുകൾ ഊർജ്ജിതമായ റെയ്ഡുകൾ നടത്തുന്നുണ്ട്. ചെക്ക്പോസ്റ്റുകളിൽ കർശനമായ പരിശോധന ഏർപ്പെടുത്തുകയും രാത്രികാല പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. അബ്കാരി ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി അബ്കാരി കുറ്റങ്ങൾക്ക് 10 വർഷംവരെയുള്ള തടവും ഒരു ലക്ഷം രൂപയിൽ കുറയാത്ത പിഴയും വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കുറ്റങ്ങൾ ജാമ്യമില്ലാകേസുകൾ ആക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപരി ഓരോ പ്രദേശത്തെയും വ്യാജമദ്യ ഉല്പാദനം, വിതരണം, വിപണനം എന്നിവയിൻമേൽ നടപടി സ്വീകരിക്കുമ്പോൾ ജില്ല, ബ്ലോക്ക് തല ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) എല്ലാ എക്സൈസ് ഓഫീസുകളിലും ടെലഫോൺ അനുവദിക്കുന്നതിന് എക്സൈസ് നൽകിയ ഇൻസ്പെക്ടർ മുതലുള്ള എല്ലാ ഉയർന്ന ഉദ്യോഗസ്ഥൻമാർക്കും കൈത്തോക്കു നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും കർശനമായ കായിക/ആയുധ പരിശീലനം നൽകിവരുന്നുണ്ട്. എല്ലാ ഓഫീസുകൾക്കും വാഹനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ആകെ21198 കേസുകൾ രജിസ്റ്റർ ചെയ്തതിൽ 967 കേസുകൾ ശിക്ഷിച്ചിട്ടുണ്ട്.

8 (*218) 'ശബരിമല വികസനത്തിനുള്ള പദ്ധതി'

ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എൻ. അനിരുദ്ധൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനുള്ള എന്തെല്ലാം പദ്ധതികളാണ് കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കേന്ദ്ര വനംവകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും അവയിൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ശബരിമലയിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി വന ഭൂമി ആവശ്യപ്പെട്ടുകൊണ്ട് താഴെ പറയുന്ന പദ്ധതികൾ കേന്ദ്ര വനസംരക്ഷണ നിയമ പ്രകാരമുള്ള അനുമതി തേടിക്കൊണ്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

1.	മരക്കുളം	തീർത്ഥാടകരുടെ വിശ്രമത്തിനും മറ്റുമായി	10.00 ഹെക്ടർ
2.	അപ്പാച്ചിമേട്	കാർഡിയോളജി സെന്ററിന്	0.52 ഹെക്ടർ
3.	വലിയാരവട്ടം	ശുചിത്വ പരിപാലനം	2.78 ഹെക്ടർ
4.	ചെറിയാരവട്ടം	സ്വീവേജ് പ്ലാന്റ് നിർമ്മാണം	0.4225 ഹെക്ടർ
5.	ചാലക്കയം-പമ്പ	പാർക്കിംഗ് സൗകര്യം	5.00 ഹെക്ടർ
6.	കുന്നാർ	കുടിവെള്ളത്തിന്	0.20 ഹെക്ടർ
7.	പമ്പ	60 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം	13.5267 ഹെക്ടർ
8.	ചാലക്കയം-പമ്പ	റോഡ് വീതി കൂട്ടിയതിന്	1.922 ഹെക്ടർ
9.	രാമംപാറ-പ്ലാപ്പള്ളി-പമ്പ	റോഡ്സൈഡിൽ ഉൽസവ സീസണിൽ കടകൾ വയ്ക്കുന്നതിന്	0.4025 ഹെക്ടർ
10.	പമ്പ	പമ്പാനദിയിൽ വാട്ടർ ട്രീറ്റുമെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന്	0.6 ഹെക്ടർ
11.	പമ്പ, കക്കി	ചെക്കു ഡാം നിർമ്മിക്കുന്നതിന്	1.100 ഹെക്ടർ

(ബി) താഴെ പറയുന്ന പദ്ധതികൾക്ക് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്.

1.	ചാലകയം-പമ്പയിൽ പാർക്കിംഗ് സൗകര്യത്തിനായി	-	5.00 ഹെക്ടർ
2.	കുന്നാർ ഡാം നിർമ്മാണത്തിന്	-	0.20 ഹെക്ടർ
3.	60 കെ.വി. സബ്സ്റ്റേഷൻ	-	13.5267 ഹെക്ടർ
4.	ചാലക്കയം-പമ്പ റോഡുവികസനം	-	1.922 ഹെക്ടർ
5.	ഉത്സവ കാലത്ത് കടകൾ വയ്ക്കുന്നതിന്	-	0.4025 ഹെക്ടർ
6.	സ്വീവേജ് ട്രീറ്റുമെന്റ് നിർമ്മാണം	-	0.4225 ഹെക്ടർ

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ചെക്കു ഡാം നിർമ്മാണത്തിന് പ്രാഥമികാനുമതി ലഭിച്ചിട്ടുണ്ട്.

9 (*219) 60 വയസ്സ് കഴിഞ്ഞ എല്ലാ കർഷകർക്കും പെൻഷൻ

ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി തൊഴിലായി സ്വീകരിക്കുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുകയും ചെയ്യുന്ന 60 വയസ്സ് കഴിഞ്ഞ എല്ലാ കർഷകർക്കും കർഷക പെൻഷൻ നൽകാൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനു വേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) കർഷകരുടെ ക്ഷേമം മുൻനിർത്തിയുള്ള ഒരു ബൃഹത്തായ പെൻഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

10 (*220) കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സുധാകരൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) യാത്രാനിരക്കുകൾ വർദ്ധിപ്പിച്ചപ്പോൾ യാത്രക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഹൈ-ടെക് ബസുകൾ നിരത്തിലിറക്കുകയുണ്ടായോ;

(ഡി) അതുമൂലം ഉണ്ടായ ഗുണപരമായ മാറ്റം പരിശോധിച്ചിട്ടുണ്ടോ;

(ഇ) സ്കൂൾ സമയത്ത് കൂടുതൽ ബസ്സുകൾ ഫാസ്റ്റ് സർവ്വീസ് നടത്തുന്നതുമൂലം വിദ്യാർത്ഥികൾക്ക് യാത്രാദുരിതമുണ്ടാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു)

(എ) ദേശസാൽകൃത മേഖലയിലേയും, യാത്രക്കാരുടെ തിരക്ക് കൂടുതലുള്ളതും കൂടുതൽ വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly